©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2021 ജൂൺ 8<br>8th June 2021<br>1196 ഇടവം 25<br>25th Idavam 1196<br>1943 ജ്യേഷ്ഠം 18<br>18th Jyaishta 1943 | നമ്പർ<br>No. | 23 |

# PART III

# Forest Department

### സൗത്ത് വയനാട് ഡിവിഷൻ, കൽപ്പറ്റ

ലേല പരസ്യം

നമ്പർ ബി1-6178/2020. 2021 മേയ് 26.

സൗത്ത് വയനാട് ഡിവിഷനിലെ താഴെ പട്ടികയിൽ കാണിച്ച റെയിഞ്ചുകളിലെ വിവിധ ഫോറസ്റ്റ് കേസുകളിൽ പെട്ടതും സർക്കാരിലേക്ക് കണ്ടുകെട്ടുകയോ കോടതിയുടെ അനുമതി ലഭിക്കുകയോ ചെയ്തിട്ടുള്ളതുമായ തൊണ്ടി സാധനങ്ങളും മറ്റുവിധത്തിൽ ശേഖരിക്കപ്പെടുകയും സർക്കാർ ഡിപ്പോയിൽ എത്തിച്ച് വിൽപ്പന നടത്താൻ കഴിയാത്തതുമായ മരത്തടികളും അതാത് റെയിഞ്ച് ഓഫീസുകളിൽ വെച്ച് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പട്ടികയിൽ കാണിച്ച തീയതികളിൽ പകൽ 11 മണിക്ക് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്. അടങ്കൽ തുക ₹ 2,00,000.

പട്ടിക

| കൽപ്പറ്റ റെയിഞ്ച് | മേപ്പാടി റെയിഞ്ച് | ചെതലത്ത് റെയിഞ്ച് |
|---|---|---|
| 10-6-2021 | 17-6-2021 | 24-6-2021 |
| 8-7-2021 | 15-7-2021 | 22-7-2021 |
| 6-8-2021 | 12-8-2021 | 26-8-2021 |
| 9-9-2021 | 16-9-2021 | 23-9-2021 |
| 7-10-2021 | 21-10-2021 | 28-10-2021 |
| 11-11-2021 | 18-11-2021 | 25-11-2021 |
| 9-12-2021 | 16-12-2021 | 23-12-2021 |

**നിബന്ധനകൾ**

1. ലേല ദിവസം പൊതു അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും വെച്ച് ലേലം നടത്തുന്നതായിരിക്കും.
2. താഴെ പറയുന്ന വ്യവസ്ഥകൾക്ക് പുറമേ സർക്കാർ തടി ഡിപ്പോകളിൽ കാലാകാലങ്ങളിൽ നിലവിലുള്ള മറ്റ് ലേല വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും.

(എ) ലേലത്തിൽ പങ്കുകൊള്ളാൻ ആഗ്രഹിക്കുന്നവർ വില്ലേജ് ഓഫീസറിൽ നിന്നും ലഭിച്ച തിരിച്ചറിയൽ സർട്ടിഫിക്കറ്റോ തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡോ ഹാജരാക്കേണ്ടതും ₹ 5,000 ലേലത്തിന് മുമ്പ് നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതുമാണ്.

(ബി) ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആളുടെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതാണ്. ലേലതുക ₹ 10,000-മോ അതിൽ കുറവോ ആണെങ്കിൽ മുഴുവൻ തുകയും ലേലക്കാരൻ തൽസമയം ഒടുക്കേണ്ടതാണ്. ലേലത്തുക ₹ 10,000 -ത്തിൽ കൂടുതലാണെങ്കിൽ മൂന്നിലൊന്ന് ഭാഗം ലേലത്തുകയോ ₹ 10,000 -മോ ഏതാണ് കൂടുതൽ ആ സംഖ്യ ലേലം കഴിഞ്ഞ ഉടനെ അടയ്ക്കേണ്ടതാണ്. വീഴ്ച്ച വരുത്തുന്ന പക്ഷം ലേലം റദ്ദാക്കപ്പെടുന്നതും കെട്ടിവെച്ച നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടുകെട്ടി ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ആയത് പുനർലേലം ചെയ്ത് വിൽക്കുന്നതുമാണ്. തൻമൂലം സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ടിയാനിൽ നിന്നും റവന്യൂ റിക്കവറി നടപടികൾ മുഖേനയോ മറ്റ് ഉചിത മാർഗ്ഗേണയോ ഈടാക്കുന്നതുമാണ്.

(സി) പുനർലേലം ലാഭകരമായിരുന്നാൽ അതിൻമേൽ മുൻലേലക്കാരന് യാതൊരു അവകാശവും ഇല്ലാത്തതുമാകുന്നു.

3. ലേലത്തിൽ വിളിച്ചെടുത്ത സാധനങ്ങളുടെ ബാക്കി വിലയും ചരക്ക് സേവന നികുതിയും വന വികസന നികുതിയും ആദായ നികുതിയും നിലവിലുള്ള നിരക്കുകളിൽ ലേലം സ്ഥിരപ്പെടുത്തിയ വിവരം ലേലക്കാരനെ അറിയിക്കുന്ന ദിവസം മുതൽ 30 ദിവസത്തിനകം സർക്കാരിലേക്ക് അടച്ച് പാസ്സ് വാങ്ങി സാധനങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്. അപ്രകാരം പണം അടച്ച് സാധനങ്ങൾ നീക്കം ചെയ്യാതിരുന്നാൽ നിയമാനുസരണം പിഴപ്പലിശയും തറവാടകയും ഈടാക്കി മതിയായ കാരണങ്ങളാൽ സാധനങ്ങൾ നീക്കം ചെയ്യാൻ മുപ്പത് ദിവസം കൂടി ഫോറസ്റ്റ് റെയിഞ്ചാഫീസർമാർക്ക് അനുവദിക്കാവുന്നതാണ്. ടി സമയപരിധിക്കുള്ളിലും പണമടച്ച് സാധനങ്ങൾ നീക്കം ചെയ്യാതിരുന്നാൽ സാധനങ്ങൾ നഷ്ടപ്പെടുകയോ നശിച്ച് പോവുകയോ ഗുണം കുറയുകയോ ചെയ്താൽ ആയതിന് സർക്കാർ ഒരിക്കലും ഉത്തരവാദിയാകുന്നതല്ല. മേൽപറഞ്ഞ സമയപരിധി കഴിഞ്ഞ് നീക്കം ചെയ്യാതെ കിടക്കുന്ന സാധനങ്ങൾ സർക്കാരിലേക്ക് മുതൽകൂട്ടുന്നതും ലേലം കൊണ്ട ആൾക്ക് സാധനങ്ങളിൻമേൽ യാതൊരു അവകാശവും ഇല്ലാത്തതുമാകുന്നു. ടി സാധനങ്ങൾ മുൻ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം ചെയ്യുന്നതും തൻമൂലം സർക്കാരിന് ഉണ്ടാകുന്ന നഷ്ടം മുൻലേലക്കാരനിൽ നിന്നും റവന്യൂ റിക്കവറി മുഖേനയോ മറ്റ് ഉചിത മാർഗ്ഗേണയോ ഈടാക്കുന്നതായിരിക്കും. പുനർലേലം ലാഭകരമായിരുന്നാൽ ആയതിൻമേൽ യാതൊരു അവകാശവും മുൻലേലക്കാരന് ഇല്ലാത്തതുമാകുന്നു.

4. ലേല വസ്തുക്കൾ നീക്കം ചെയ്യുന്നതിന് മുമ്പ് നിയമപ്രകാരമുള്ള ചരക്ക് സേവന നികുതി, വന വികസന നികുതി, ആദായ നികുതി തുടങ്ങിയവ അടയ്ക്കേണ്ടതാകുന്നു.

5. കോടതിയിൽ നിന്ന് പ്രത്യേക അനുമതി നേടി ലേലം ചെയ്യുന്ന തൊണ്ടി വസ്തുക്കളുടെ മുഴുവൻ തുകയും ലേല ദിവസം തന്നെ ഒടുക്കേണ്ടതാണ്.

6. ലേലത്തിൽ പങ്കുകൊള്ളുന്നവർ ലേലസമയത്തിന് മുൻപായി ലേലത്തിൽ വെച്ചിരിക്കുന്ന തൊണ്ടി വഹകളുടെ നിലവാരം, ഇനം, അളവ് മുതലായവ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. ഈ വക കാര്യങ്ങൾ ബന്ധപ്പെട്ട റെയിഞ്ചാഫീസർമാരിൽ നിന്നും ലഭ്യമായിരിക്കും. ലേലം നടന്നശേഷം ലേലത്തിൽ കൊണ്ട തൊണ്ടിവഹകളുടെ അളവിലോ ഗുണനിലവാരത്തിലോ വ്യത്യാസമുള്ളതായി പരാതിപ്പെട്ടാൽ ആയത് യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

7. ലേലത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അതാത് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരിൽ നിന്നും ലഭിക്കുന്നതാണ്.

8. 20-12-2011-ലെ കേരള ഗവൺമെന്റ് ഗസറ്റ് നമ്പർ 50-ൽ പ്രസിദ്ധപ്പെടുത്തിയ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (സംരക്ഷണം) 7-12-2011-ലെ നമ്പർ പ്രൊ (5) 4668/11 ലേല വ്യവസ്ഥകളും കാലാകാലങ്ങളിൽ ലേലം സംബന്ധിച്ച് വകുപ്പ്/സർക്കാർ തലത്തിൽ പുറപ്പെടുവിച്ച മറ്റ് ഉത്തരവുകളും മേൽ ലേലങ്ങൾക്കും ബാധകമായിരിക്കും.

9. ലേലത്തിൽ പങ്കെടുക്കുന്നവർക്ക് PAN ഉണ്ടായിരിക്കേണ്ടതാണ്.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം,
കൽപ്പറ്റ.

(ഒപ്പ്)
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
(കേരള ഗവർണ്ണർക്കുവേണ്ടി).



Salim A Digitally signed by Salim A
Date: 2021.07.20 13:10:38
+05'30'